


# 1990

Copyright © 2013 by E. Harikumar

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.

## ഹരികുമാർ

# കഥകൾ മനസ്സിൽ നിറയുമ്പോൾ

എന്റെ മനസ്സിൽ എപ്പോഴും കഥയുണ്ട്. ഒരു ദൃശ്യം, ഒരു നാദം, ഒരു ഗന്ധം. അതെന്നിൽ സ്മരണകളുടെ വേലിയേറ്റമുണ്ടാക്കുന്നു. ചിലപ്പോൾ ഒരു കഥയുടെ ബീജാവാപവും നടക്കുന്നു. മനസ്സ് ഒരു നല്ല ഗർഭപാത്രമാണ്. അത് ഏതു കഥാബീജത്തെയും വളർത്തിക്കൊണ്ടുവരുന്നു. നമ്മൾ അറിയാതെത്തന്നെ. കഥാപാത്രങ്ങൾ ഉരുത്തിരിയുന്നു. സംഭവങ്ങൾ വികസിച്ചുവരുന്നു. സംഭാഷണങ്ങൾകൂടി മനസ്സിൽ ഉടലെടുക്കുന്നു. ഇനി ഏതാനും ദിവസങ്ങൾ അതുകൊണ്ട് കളിക്കാം. ആ കഥാപാത്രങ്ങളുടെ ഗതിവിഗതിയിൽ സന്തോഷിക്കാം. സങ്കടപ്പെടാം. പക്ഷേ, കഥ എഴുതലുണ്ടാവില്ല. കഥ മനസ്സിന്റെ അറിയപ്പെടാത്ത ഏതോ കോണിലേക്ക് സാവധാനത്തിൽ ഇറക്കിവയ്ക്കപ്പെടുന്നു.

കഥ എഴുതണമെങ്കിൽ പുറത്തുനിന്ന് സമ്മർദ്ദമുണ്ടാവണം. എന്റെ കഥ മററുള്ളവരുമായി പങ്കിടാൻ അവർ നിർബന്ധിക്കണം. അപ്പോൾ മാത്രമേ ഞാൻ കടലാസും പെന്നും എടുക്കുന്നുള്ളൂ. എന്നെ സംബന്ധിച്ചിടത്തോളം എഴുത്ത് വളരെ വിഷമം പിടിച്ച ഒരു കാര്യമാണ്. ഒരു നിവൃത്തിയുണ്ടെങ്കിൽ അതൊഴിവാക്കുകയാണ് പതിവ്. എന്തെങ്കിലും നിസ്സാര ജോലിയുണ്ടെങ്കിൽ അതൊരു ഒഴിവുകഴിവായി പറഞ്ഞ് ഞാൻ എഴുത്ത് മാറ്റിവയ്ക്കും. കൂടുതൽ എഴുതിയാൽ കൂടുതൽ പേരെടുക്കാമെന്നെല്ലാം അറിയാം. പ്രശസ്തിയോട് ഒട്ടും വൈമുഖ്യവുമില്ല. പക്ഷേ, അതിനുവേണ്ടി മെനക്കെട്ടിരുന്ന് എഴുതാൻ വയ്യ. അതുകൊണ്ട് ഒരു എഴുതപ്പെട്ട കഥയ്ക്കു ശേഷം ചുരുങ്ങിയത് പത്ത് എഴുതപ്പെടാത്ത കഥകൾ എന്റെ മനസ്സിലുണ്ടാവുന്നു.





ഒരു കഥ എഴുതാൻ ഒന്നോ രണ്ടോ മാസങ്ങൾ വേണം. ഒന്നോ രണ്ടോ ദിവസങ്ങൾകൊണ്ട് തീർത്ത കഥകളുമുണ്ട്. രണ്ടു ദിവസം കൊണ്ടെഴുതിയാലും രണ്ടു മാസമെടുത്തെഴുതിയാലും എനിക്ക് തൃപ്തിയായ കഥ മാത്രമേ ഞാൻ മുഴുമിക്കാറുള്ളൂ. എഴുതിക്കഴിയുമ്പോൾ വളരെ സന്തോഷം തോന്നുന്നു. ആശ്വാസവും.

എഴുതിക്കഴിഞ്ഞശേഷം ഒന്നോ രണ്ടോ ദിവസം ഞാൻ അത് മാറ്റിവയ്ക്കും. പിന്നീട് വായിച്ചുനോക്കി തിരുത്തലുകൾ നടത്തും. ഇത് പലകുറി ആവർത്തിക്കുന്ന ഒരു പ്രക്രിയയാണ്. ചിലപ്പോൾ പത്തോ പന്ത്രണ്ടോ തവണ വായിച്ച് തിരുത്താറുണ്ട്. വാചകങ്ങളുടെ ഘടനകൾ മാറ്റുന്നു. കുറെക്കൂടി മെച്ചമായ വാക്കുകൾ കണ്ടുപിടിക്കുന്നു. ചിലപ്പോൾ പാരഗ്രാഫുകൾ തന്നെ മാറ്റുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നു. കഥ മുഴുവൻ ഉടച്ചുവാർക്കേണ്ടിവന്ന ഘട്ടങ്ങളുമുണ്ട്. അതു വളരെ വിഷമം പിടിച്ചതാണ്.

കാരണം ഒരു കഥ എഴുതിക്കഴിഞ്ഞാൽ അതിന്റെ ഘടന എന്റെ മനസ്സിൽ രൂഢമൂലമാവുന്നു. പിന്നീട് ആ കഥ തന്നെ വേറൊരു രൂപത്തിൽ എഴുതുക എന്നതു പോകട്ടെ ആലോചിക്കുക തന്നെ വിഷമം പിടിച്ചതാണ്. അങ്ങനെ പാടേ മാറ്റിയെഴുതിയ കഥകളാണ് 'സൂര്യകാന്തിപ്പൂക്കളും' ഇടയ്ക്കയുടെ ശബ്ദവും'.

സ്വാനുഭവങ്ങൾ പല കഥകളുടെയും സൃഷ്ടിക്കു കാരണമായിട്ടുണ്ട്. അങ്ങനെയുള്ള ഒരു കഥയാണ് 'വൃക്ഷഭത്തിന്റെ കണ്ണ്' ബോംബെയിൽ

**എന്റെ വായനക്കാരെ എനിക്ക് ബഹുമാനമാണ്. അവരുടെ സംവേദനക്ഷമതയിൽ എനിക്ക് വിശ്വാസമുണ്ട്. ഞാൻ എഴുത്തിൽ കള്ളത്തരം കാട്ടിയാൽ അവർ കണ്ടുപിടിക്കുമെന്നും മറ്റു പല എഴുത്തുകാർക്ക് പറ്റിയ പോലെതന്നെ എന്നെയും അവർ പ്രതിക്കൂട്ടിലാക്കുമെന്നും എനിക്കറിയാം. ആ വായനക്കാരാണ് അദൃശ്യ സാന്നിധ്യത്തിലൂടെ എന്റെ സാഹിത്യത്തിന്റെ ഗുണനിലവാരത്തിന് കാവൽ നിൽക്കുന്നത്.....**

ഞങ്ങളുടെ ഫ്ളാറ്റിന് താഴെ നിലയിൽ താമസിച്ചിരുന്ന പഞ്ചാബികളുടെ മകൻ. നാലഞ്ചു വയസ്സു പ്രായം. അവൻ എന്നും ഞങ്ങളുടെ വീട്ടിൽ കളിക്കാൻ വരാറുണ്ട്. അന്ന് ഒന്നര വയസ്സുള്ള ഞങ്ങളുടെ മകനുമായി കളിക്കും, അവൻ തിരിച്ചുപോകുന്നത് മോനിഷ്ടമല്ല. അവൻ കരയാൻ തുടങ്ങും. ആ കുട്ടി ഒരു വിഷമസന്ധിയിലാവും. അവന് തിരിച്ചുപോയി അമ്മയെ കാണാൻ തോന്നുന്നുണ്ടാവും. ഞങ്ങളുടെ മകനെ കരയിപ്പിക്കാനും വയ്യ. നല്ല കൗതുകമുള്ള ഒരു കുട്ടിയായിരുന്നു അവൻ. ഒരുദിവസം സ്ക്കൂട്ടറപകടത്തിൽ അവൻ മരിച്ചു. ചെറിയച്ഛന്റെ ഒപ്പം സ്ക്കൂട്ടറിൽ പോകുകയായിരുന്നു. അവന്റെ ചെറിയച്ഛനും മരിച്ചു. മൃതദേഹം കാണാൻ ഞാൻ ആശുപത്രിയിൽ പോയിരുന്നു. തിരിച്ചുവരുമ്പോൾ ഞാൻ പലതും ആലോചിച്ചു. എന്താണിതിന്റെയൊക്കെ അർത്ഥം. ഓടിക്കളിച്ചുകൊണ്ടിരുന്ന ഒരു കുട്ടി. എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു ആ കുട്ടി. ഒരു ദിവസം പെട്ടെന്ന് അവന്റെ ഭാവിക്കു നേരെ ഒരു വലിയ ശൂന്യത മാത്രം അവശേഷിപ്പിച്ച് ഇല്ലാതാവുന്നു. ഇതെന്നെ വല്ലാതെ അലട്ടി. പ്രപഞ്ചത്തിലെ ഓരോ അണുവും അന്യോന്യം ബന്ധപ്പെട്ടതാണെന്നും അതിൽ എവിടെയെങ്കിലും ഉണ്ടാവുന്ന ചെറിയ ചലനം പോലും മുൻകൂട്ടി നിശ്ചയിച്ചതായിരിക്കണമെന്നും എനിക്കു തോന്നി. മാറ്റാൻ കഴിയാത്ത വിധം ആ ചലനം പ്രപഞ്ചരഹസ്യങ്ങളുടെ കലവറയിലെവിടെയോ കൂട്ടിയിട്ട താളിയോലഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുകയാണെന്നും എനിക്ക് തോന്നി. ഈ സംഭവം കുറെ ദിവസങ്ങളോളം എന്നെ അലട്ടി. അവസാനം ആ കഥ എഴുതിത്തീർന്നപ്പോഴാണ് ആശ്വാസം തോന്നിയത്.



കൂറകൾ എന്ന സമാഹാരത്തിലെ എന്റെ ആദ്യകാല കഥകൾ ഇഷ്ടപ്പെട്ടിരുന്ന ചിലർ എന്റെ പിന്നീടുള്ള കഥകൾ സംശയദൃഷ്ടിയോടെ വീക്ഷിച്ചിട്ടുണ്ട്. ശരിക്കുള്ള ഹരികുമാർ കഥകൾ അവയാണെന്നും എന്റെ സർഗചേതന വഴിയിലെവിടെയോവച്ച് നഷ്ടപ്പെട്ടുവെന്നും അവർ വാദിക്കുന്നു. എന്റെ അഭിപ്രായത്തിൽ കൂറകളിലെ കഥകൾ ഒരു പരീക്ഷണഘട്ടത്തിലെ കഥകളാണ്. എഴുതാൻ തുടങ്ങുന്ന ഒരാൾ തന്റെ മാധ്യമം കൊണ്ട് പരീക്ഷണം നടത്തുന്നതാണത്. ആ കാലത്ത് ഞാൻ ഏററവും കൂടുതൽ വായിച്ചിരുന്നത് ചിത്രകലയെയും ശില്പകലയെയും പറ്റിയുള്ള പുസ്തകങ്ങളായിരുന്നു. കൽക്കത്തയിലെയും ദൽഹിയിലെയും ആർട്ട് ഗ്യാലറികളായിരുന്നു എന്റെ അഭയസ്ഥാനങ്ങൾ. അക്കാലത്ത് എഴുതിയ പല കഥകളിലും ചിത്രകലയുടെയും ശില്പകലയുടെയും സ്വാധീനം വ്യക്തമായി കാണാം, പിന്നീട് ഞാൻ ആ സ്വാധീനത്തിൽനിന്ന് കുതറിയോടുകയാണ് ചെയ്തതെങ്കിലും. പിൽക്കാലത്ത് എഴുതിയ കഥകളിലെല്ലാം വായനക്കാർക്കിഷ്ടമായ ആർദ്രതയുടെ സ്രോതസ്സുകൾ എന്റെ ആദ്യകാല കഥകൾ തൊട്ടേ ഉണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. രൂപത്തിലും ഭാവത്തിലും വന്ന മാറ്റം ആരോഗ്യപരമായ ഒരു വളർച്ചയുടെ അനിവാര്യവും തീരിച്ചുപോക്കില്ലാത്തതുമായ വ്യതിയാനങ്ങളാണ്.

ശില്പകലയുടെ പ്രകടമായ സ്വാധീനമുള്ള ഒരു കഥയാണ് 'മധുവിധു'. മറെറാരുവിധത്തിലും ആ കഥയെ വ്യാഖ്യാനിക്കാനും വയ്യ. ഒരു രാത്രി വളരെ അസാധാരണമായ ഒരു ദൃശ്യം സ്വപ്നരൂപത്തിൽവന്ന് എന്നെ അലട്ടി. ഇലകൊഴിഞ്ഞ ഒരു മരത്തിനു ചുവട്ടിൽ ഒരാൾ കിടക്കുകയാണ്. അയാൾ തലയുയർത്തി നോക്കുന്നത് ദൂരെ മഞ്ഞുമൂടിയ മലനിരകളാണ്. ഹെൻറി മൂറിന്റെ റിക്ളൈനിങ് ഫിഗറുകളിൽ ഒന്നിനെ അനുസ്മരിപ്പിക്കുന്ന ഈ ദൃശ്യം ഒരു നിശ്ചലചിത്രം പോലെ മനസ്സിൽ വന്ന് എന്നെ അലട്ടാൻ തുടങ്ങി. ഉറക്കം നഷ്ടപ്പെട്ടുവെന്ന് മനസ്സിലായപ്പോൾ ഞാൻ കടലാസും പെന്നും എടുത്ത് ആദ്യത്തെ വരി എഴുതി:

"അവർ വേനലിൽ മരത്തിനു ചുവട്ടിൽ മണ്ണിൽ നീണ്ട ചാലുകൾ കീറി താമസമാക്കിയപ്പോൾ മരത്തിന് യുവത്വത്തിന്റെ അഴകുണ്ടായിരുന്നു."

പിന്നീടുള്ള വരികളും വളരെ അനായാസേന പേനത്തുമ്പിൽ വരുന്നത് എന്നെ അദ്ഭുതപ്പെടുത്തി. പുലർച്ചയായപ്പോഴേയ്ക്കും ആ കഥ എഴുതിക്കഴിയുകയും ചെയ്തു. കാര്യമായ മാറ്റങ്ങളൊന്നും ആ കഥയ്ക്ക് വേണ്ടിവന്നില്ല.

'ശ്രീപാർവതിയുടെ പാദം' എഴുതാനുണ്ടായ പ്രചോദനം ഭാര്യ തന്നെയാണ്. അവൾക്ക് ഏതാനും മാസത്തെ നഗരജീവിതം കഴിഞ്ഞാൽ നാട്ടിൽ പോകണം. ഒരുതരം ആത്മശുദ്ധീകരണത്തിനാണത്രെ. ഈ കഥയിൽ ഗൃഹാതുരത്വം ഉണ്ടെങ്കിലും അതിന് ഊന്നൽ കൊടുക്കാനല്ല ഞാൻ ഉദ്ദേശിച്ചത്. ആ രണ്ട് കഥാപാത്രങ്ങളുടെ സ്വഭാവവൈരുധ്യമാണ് കാര്യം. ശാരദയുടെ നിസ്സഹായതയിൽനിന്നുണ്ടായ അരക്ഷിതബോധവും അതിന്റെ പരിണത ഫലമായ കണക്കുപറച്ചിലും ഒരു ഭാഗത്ത്. മറുഭാഗത്താകട്ടെ കണക്കുകൂട്ടലുകൾക്കപ്പുറത്ത് സ്നേഹത്തിന്റെ അക്ഷയസ്രോതസ്സിന്റെ ഉടമയായ ഒരു വലിയ മനസ്സ്. അവളെ സ്നേഹം എന്ന വികാരം പഠിപ്പിച്ച മുത്തശ്ശി. ഈ കഥാപാത്രങ്ങൾ എന്റെ മനസ്സിൽ കുറെക്കാലമായി ഉണ്ടായിരുന്നു. ഒരു മഴയുള്ള രാത്രിയിൽ ഭാര്യ ഞാൻ നാളെ അന്നകരയ്ക്ക് പോകട്ടെ എന്നു പറഞ്ഞപ്പോൾ ഈ കഥാപാത്രങ്ങൾ വീണ്ടും എന്റെ മനസ്സിൽ തള്ളിക്കയറി. പിറ്റേന്ന് കഥയെഴുതാനും തുടങ്ങി. ഇതിലെ ഗൃഹാതുരത്വം സ്വാഭാവികമായ ഒരു ഉപോല്പന്നം മാത്രമാണ്.

'ഒരു കൊത്തുപണിക്കാരൻ' എന്ന കഥയിലെ തീം കലക്ക് പ്രതിഫലമായി കുമ്പിൾ കിട്ടുന്നതിന്റെ ദുരന്തമാണ്. കലക്ക് കുമ്പിൾ എന്ന് ആശയം ഇടശ്ശേരിയും എം. ഗോവിന്ദനും കവിതയിലൂടെ കൈകാര്യം ചെയ്തിട്ടുള്ളതാണ്. ഇടശ്ശേരിയുടെ 'അപ്പക്കാള', എം. ഗോവിന്ദന്റെ 'മനോധർമം.' അതിനോടൊപ്പം തന്നെ സ്വന്തം കലയെ തത്വദീക്ഷയില്ലാത്ത കച്ചവടക്കാരിൽ നിന്ന് രക്ഷിക്കാൻ പൊരുതുന്ന ഒരാളെ ചിത്രീകരിക്കുകകൂടി ചെയ്തപ്പോൾ ചിത്രം പൂർത്തിയായി.

പരസ്യത്തിനോ പ്രത്യയശാസ്ത്രങ്ങളുടെ അകമ്പടിക്കോ വേണ്ടി ഞാൻ എഴുതാറില്ല. എന്റെ ആത്മാവിൽ തട്ടുന്ന വിഷയങ്ങളാണ് ഞാൻ കൈകാര്യം ചെയ്യാറ്. 'ഒരു ദിവസത്തിന്റെ മരണം', 'ഒരു കങ്ഫൂ ഫൈറ്റർ', 'ഒരു വിശ്വാസി', 'ഡോക്ടർ ഗുറാമിയുടെ ആശുപത്രി' എന്നീ കഥകൾ വായിക്കുമ്പോൾ ഇപ്പോഴും എന്റെ കണ്ണുകൾ ഈറനാവുന്നുണ്ട്.

നല്ല കോപ്പി എഴുതിയുണ്ടാക്കുന്നത് ഭാര്യയുടെ ചുമതലയാണ്. അത് അവൾ ഭംഗിയായി ചെയ്യുന്നു. എന്റെ ഭാഷയുടെ കോട്ടങ്ങൾ തീർത്ത് അവൾ ചില്ലറ എഡിറ്റിങ്ങും നടത്തും.

പേരെടുക്കണമെന്ന മോഹം നല്ല വണ്ണമുണ്ട്. പക്ഷേ, അതിനുള്ള കുറുക്കുവഴികൾ ഇഷ്ടമല്ല. അമ്മയെ തല്ലി പേരെടുക്കാൻ എനിക്ക് താല്പര്യമില്ല. നല്ല കഥകൾ മാത്രമെഴുതി ആസ്വാദകന്റെ ആസ്വാദനക്ഷമതയെ തൃപ്തിപ്പെടുത്തി കിട്ടുന്ന പേരൊക്കെ മതി. പലരും ചെയ്യുന്നപോലെ സ്റ്റണ്ടുകൾ ഇറക്കി കിട്ടുന്ന പേര് എനിക്കുവേണ്ട. കഥയുടെ ഇടയിലോ അന്ത്യത്തിലോ അവ്യക്തത നിറയ്ക്കുക, ഞെട്ടലുണ്ടാക്കുന്നവിധത്തിൽ കഥയുടെ പരിണാമം സൃഷ്ടിക്കുക തുടങ്ങിയ ചൊട്ടുവിദ്യകളിലൂടെ പേരും പ്രശസ്തിയും ലഭിച്ചവർ ധാരാളമുണ്ട്. രാജാവ് ഉടുത്തിരിക്കുന്ന ഇല്ലാവസ്ത്രത്തെ പുകഴ്ത്തുന്ന ബുദ്ധിമാന്മാരുമുണ്ട്.

എന്റെ വായനക്കാരെ എനിക്ക് ബഹുമാനമാണ്. അവരുടെ സംവേദനക്ഷമതയിൽ എനിക്ക് വിശ്വാസമുണ്ട്. ഞാൻ എഴുത്തിൽ കള്ളത്തരം കാട്ടിയാൽ അവർ കണ്ടുപിടിക്കുമെന്നും മറ്റു പല എഴുത്തുകാർക്ക് പറ്റിയപോലെതന്നെ എന്നെയും അവർ പ്രതിക്കൂട്ടിലാക്കുമെന്നും എനിക്കറിയാം. ആ വായനക്കാരാണ് അദൃശ്യസാന്നിധ്യത്തിലൂടെ എന്റെ സാഹിത്യത്തിന്റെ ഗുണനിലവാരത്തിന് കാവൽ നിൽക്കുന്നത്. കഥ ഇഷ്ടപ്പെട്ടു എന്ന് ഏതെങ്കിലും വായനക്കാരൻ എനിക്ക് നേരിട്ടോ വാരികയിലൂടെയോ എഴുതുന്നത് വായിക്കുമ്പോഴാണ് ചാരിതാർത്ഥ്യം അനുഭവപ്പെടുന്നത്.

എന്റെ കഥകളെപ്പറ്റി ഏതാനും പഠനങ്ങൾ വന്നിട്ടുണ്ടെന്നല്ലാതെ വിമർശനങ്ങളുണ്ടായിട്ടില്ലെന്നുതന്നെ പറയാം. ഈ പഠനങ്ങളാവട്ടെ നിരൂപകന്റെ മേലങ്കിയണിയാത്ത സഹൃദയരായ വായനക്കാരുമാണ്. പ്രൊഫഷണൽ വിമർശകർ എന്നെ തഴയുകയാണ് ചെയ്തിട്ടുള്ളത്. അവർ പഠിച്ചുവച്ച ജ്യോമട്രിയിൽ ഒതുങ്ങുന്നതല്ല എന്റെ കഥകൾ. നിരൂപകരുടെ ഏറ്റവും പുതിയ തലമുറ എന്നെ ശ്രദ്ധിക്കുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നത്. അവർക്ക് എന്റെ കഥകളുടെ നേരെ അവരുടെ മുൻപുള്ള തലമുറയ്ക്ക് ചെയ്യാൻ കഴിയാതിരുന്ന നീതി പുലർത്താൻ കഴിയുമെന്നെനിക്ക് ഉറപ്പുണ്ട്.

എല്ലാ പുസ്തകങ്ങൾക്കും നല്ല റിവ്യൂ ആണ് കിട്ടിയിട്ടുള്ളത്. 'കൂറകൾ' എന്ന കഥാസമാഹാരത്തിന് ആ പുസ്തകമിറങ്ങിയ കാലത്ത് എം. ഗോവിന്ദനും ഇ. വാസുവും തോട്ടം രാജശേഖരനും വളരെ നല്ല അഭിപ്രായം പറഞ്ഞപ്പോൾ മാതൃഭൂമിയിൽ വന്ന റിവ്യു വളരെ മോശമായിരുന്നു.

എന്റെ ചില കഥകളുടെ അവസാനത്തെ വാചകം എടുത്ത് എന്നെ തല്ലിയവരുണ്ട്. അത് ശരിയാണെന്ന് ബോദ്ധ്യമായതിനെത്തുടർന്ന് പിന്നീട് കഥ പുസ്തകരൂപത്തിലാക്കുമ്പോൾ മാറ്റം വരുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. 'മേഘങ്ങൾ പഞ്ഞിക്കെട്ടുകൾപോലെ' എന്ന കഥയിലെ അവസാനത്തെ വാചകം തീരെ അനാവശ്യമാണെന്ന് പ്രൊഫ. എം. കൃഷ്ണൻനായർ പറഞ്ഞത് വളരെ കാര്യമാണെന്ന് മനസ്സിലായപ്പോൾ ഞാൻ ആ വാചകം വേണ്ടെന്നു വച്ചു.

'സൂര്യകാന്തിപ്പൂക്കൾ' എന്ന കഥയിലെ അവസാനത്തെ വാചകം വേണ്ടായിരുന്നു എന്നു പറഞ്ഞ് എന്നെ രൂക്ഷമായി വിമർശിച്ച സ്നേഹിതന്മാരുണ്ട്. വായനക്കാരുടെ സംവേദനക്ഷമതയിൽ എനിക്കുള്ള മതിപ്പുകുറവാണ് അത് കാട്ടുന്നതെന്ന് അവർ വാദിച്ചു. എനിക്കാ അഭിപ്രായമില്ലായിരുന്നു. അതുകൊണ്ട് ആ വാചകം മാറ്റാനും പോയില്ല. വിമർശനത്തോട് ഒരു തുറന്ന സമീപനമാണ് ഞാൻ ഉൾക്കൊള്ളാറ്. ചിലപ്പോൾ സ്നേഹിതരെ വായിച്ചു കേൾപ്പിച്ച് അവർ നിർദ്ദേശിക്കുന്ന തിരുത്തലുകൾ പ്രായോഗികവും സൗന്ദര്യപരവുമാണെങ്കിൽ സ്വീകരിക്കാറുണ്ട്.

എന്റെ ഏറ്റവും വലിയ പ്രശ്നം എഴുത്തല്ല. പ്രസാധനവുമല്ല. എന്റെ

പേരു തന്നെയാണ്. ഹരികുമാർ എന്ന പേരിനുപകരം അത്രതന്നെ മത്സരമില്ലാത്ത വല്ല പേരുമായിരുന്നെങ്കിൽ എന്ന് തോന്നാറുണ്ട്. ഹരികുമാർ എന്നു പേരുള്ളവരെല്ലാം ഏതെങ്കിലും വിധത്തിൽ പ്രഗൽഭരാണെന്ന് തോന്നുന്നു. കലാസാംസ്കാരിക രംഗങ്ങളിൽ, രാഷ്ട്രീയത്തിൽ, ശാസ്ത്രത്തിൽ, സാഹിത്യത്തിൽ.

പറഞ്ഞുവരുന്നതെന്തെന്നാൽ ഹരികുമാർ എന്ന പേരിൽ നിരവധി പേർ എഴുതുന്നുണ്ട്. കഥകൾ, നോവൽ, ശാസ്ത്രലേഖനങ്ങൾ, സ്പോർട്സ്, സിനിമ തുടങ്ങിയവയെപ്പററി, ആദ്യ മൂന്നോ നാലോ കഥകൾ പ്രസിദ്ധീകരിച്ചപ്പോൾ മാത്രമെ ഞാൻ എന്റെ ഇനീഷ്യൽ ഇ. ഹരികുമാർ എന്നു വച്ചുള്ളു. അതിനുശേഷം പി. സി. മ്മാവന്റെ (ഉറൂബ്) നിർദേശപ്രകാരം ഞാൻ ഇനീഷ്യലില്ലാതെ ഹരികുമാർ എന്നു മാത്രമെ എഴുതാറുള്ളൂ. കുറെക്കാലം വലിയ കുഴപ്പമില്ലാതെ കാര്യങ്ങൾ നടന്നു. അപ്പോഴാണ് മറ്റ് ഹരികുമാറുമാർ ചിലർക്കു തോന്നിയത് എന്തിന് ഇനീഷ്യൽ വയ്ക്കുന്നു. ഈയിടെ മനോരമ സൺഡേ സപ്ലിമെന്റിൽ ഒരു ഹരികുമാർ ഇനീഷ്യലില്ലാതെ ഒരു ലേഖനം ശബരിമല തീർഥാടനത്തെപ്പററി എഴുതിയിരുന്നു. വളരെ പേർ അത് ഞാനെഴുതിയ ലേഖനമാണോ എന്നന്വേഷിച്ചു. അത് ഞാനല്ല എഴുതിയത് എന്ന് പറഞ്ഞ് മടുത്തു. ഈശ്വരവിശ്വാസിയല്ലാത്ത ഞാൻ ശബരിമല അയ്യപ്പനെപ്പറ്റി എഴുതുക! എന്തായാലും ഈ പേര് വളരെ ആശയക്കുഴപ്പമുണ്ടാക്കുന്നുണ്ട്. മറ്റു ഹരികുമാർ നല്ലതു വല്ലതും എഴുതിയാൽ അതിന്റെ ക്രെഡിറ്റ് ഞാൻ അർഹിക്കാതെ എനിക്ക് കിട്ടുന്നു. മറിച്ച് അവർ മോശമായതെന്തെങ്കിലും എഴുതിയാലോ, ഞാൻ അർഹിക്കാതെ തെറിയും കിട്ടുന്നു. ഇതിനെന്താണ് ഒരു പോംവഴി എന്നറിയില്ല.

കഥാസാഹിത്യത്തിലെ പുതിയ തലമുറയെപ്പറ്റി എനിക്ക് വളരെയധികം ആശയും അഭിമാനവുമുണ്ട്. മുൻതലമുറയിൽപ്പെട്ടവരുടെപോലെ അവർ അഭ്യാസങ്ങൾക്കും കണ്ണഞ്ചിക്കുന്ന പ്രകടനങ്ങൾക്കും പോകുന്നില്ല. അവർ കൂടുതൽ ആത്മാർത്ഥതയുള്ളവരായിട്ടാണ് കാണുന്നത്. ഒരു നിയോ റിയലിസത്തിന്റെ ആശാവഹമായ തുടക്കമാണ് പുതിയ എഴുത്തുകാരുടെ രചനകൾ.